ഇത് കൂടാതെ 24-11-2004-ൽ നടന്ന ചന്ദന ലേലത്തിൽ 64341.200 കി.ഗ്രാം ചന്ദനം വിറ്റതിൽ 911.500 കി.ഗ്രാം ചന്ദനം മുഴുവൻ വിലയുമടച്ച് നീക്കം ചെയ്തിട്ടുണ്ട്. ടി 911.500 കി.ഗ്രാം ചന്ദനത്തിന് 15,58,665 രൂപ വിലയും 77,933 രൂപ വികസന നികുതിയും 1,24,692 രൂപ വിൽപ്പന നികുതിയും 18,704 രൂപ അഡീഷണൽ വിൽപന നികുതിയും ഉൾപ്പെടെ 17,79,994 രൂപയും ലഭിച്ചിട്ടുണ്ട്.

കണ്ടൽവന സംരക്ഷണം

91 (3300) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ കണ്ടൽ വനങ്ങളെക്കുറിച്ച് വനം വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

പഠനം നടത്തിയിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി "സർവ്വേ ആന്റ് ഇൻവെന്ററി ഓഫ് വെറ്റ് ലാൻഡ്സ് ഓഫ് കേരളാ ഫോർ കൺസർവേഷൻ ആന്റ് സസ്റ്റെയിനബിൾ മാനേജ്മെന്റ് ഓഫ് റിസോഴ്സസ്" എന്ന പഠനം തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് എന്ന ഗവേഷണ സ്ഥാപനം വനം വകുപ്പിനുവേണ്ടി നടത്തുകയുണ്ടായി. എട്ട് വാല്യങ്ങൾ ഉള്ള വിശദമായ പഠന റിപ്പോർട്ട് 2003 മേയ് മാസം വനം വകുപ്പിന് സമർപ്പിക്കുകയുണ്ടായി. അതിന്റെ ഏഴാം വാല്യം കണ്ടലുകളെ സംബന്ധിക്കുന്നതാണ്. കേരളത്തിലെ കണ്ടലുകളെക്കുറിച്ച് പൊതുവിലും കടലുണ്ടി പ്രദേശത്തെ അടിസ്ഥാനമാക്കി വിശദവുമായ പഠനം നടത്തിയിട്ടുണ്ട്. ടി പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കണ്ടൽ വിസ്തൃതി ചുവടെ കൊടുക്കുന്നു:

ക്രമ നമ്പർ	ജില്ല	കണ്ടൽ ആവാസ വിസ്തൃതി
(1)	(2)	(3)
1.	തിരുവനന്തപുരം	23
2.	കൊല്ലം	58
3.	ആലപ്പുഴ	90
4.	കോട്ടയം	90
5.	എറണാകുളം	260
6.	തൃശ്ശൂർ	21
7.	മലപ്പുറം	12

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8.	കോഴിക്കോട്	293
9.	കണ്ണൂർ	755
10.	കാസർഗോഡ്	79
	ആകെ	1671 ഹെ. (ഉദ്ദേശം 17 ച.കി.മീ.)

പഠനത്തിന്റെ ഭാഗമായിത്തന്നെ പ്രധാന കണ്ടൽ മേഖലയായ കടലുണ്ടി കണ്ടൽവന പ്രദേശത്തിന്റെ പരിപാലനത്തിന് വിശദമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന് 13,90,000 രൂപ ചെലവായിട്ടുണ്ട്.

ആദിവാസികൾ കൃഷി ചെയ്യുന്ന വനഭൂമി

92 (3301) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ആദിവാസികൾക്ക് താമസിക്കുവാനും കൃഷി നടത്തുവാനും അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇപ്രകാരം ആദിവാസികൾ കൃഷി ചെയ്തിരുന്ന ഭൂമിയിൽ ആദിവാസികൾ അല്ലാത്തവർ കൃഷി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) എങ്കിൽ ഇത്തരത്തിലുള്ള ഭൂമിയുടെ വിസ്തൃതി സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ :

(ഡി) വനം മേഖലയിൽ ഭൂമി കൈവശം വച്ചിരിക്കുന്ന ആദിവാസികൾ അല്ലാത്തവരെ ഒഴിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ ആദിവാസി കോളനികളിൽ, കാലാകാലങ്ങളായി ആദിവാസികൾ താമസിച്ചു വരുന്നു. ഇതിന് പ്രത്യേക അനുവാദം നൽകിയിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) അന്യാധീനപ്പെട്ട ആദിവാസി ഭൂമി കുടിയൊഴിപ്പിക്കേണ്ട ചുമതല റവന്യൂ വകുപ്പിനാണ്. അന്യാധീനപ്പെട്ട ആദിവാസി ഭൂമി സംബന്ധിച്ച ജില്ല തിരിച്ച കണക്ക്, കുടിയൊഴിപ്പിക്കാൻ എടുത്ത നടപടികളുടെ വിവരം എന്നിവ റവന്യൂ വകുപ്പിൽനിന്നും ശേഖരിക്കാൻ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly